എച്ച് 2/35637/14

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 04-08-2014

പ്രേഷിതാവ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം : **പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2014-15 - ഓൺലൈൻ എൻട്രി സംബന്ധിച്ച്.**

സൂചന :
1. 01-10-2011 ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ.
2. 29-11-2013 ലെ ജി.ഒ.(പി) നമ്പർ 313/2013/പൊ.വി.വ.
3. 04-07-2014 ലെ ജി.ഒ.(പി) നമ്പർ 124/2014/പൊ.വി.വ.
4. ഈ ഓഫീസിൽ നിന്നുള്ള 10-07-2014 ലെ ഇതേ നമ്പർ സർക്കുലർ
5. ഈ ഓഫീസിൽ നിന്നുള്ള 10-07-2014, 15-07-2014, 21-07-2014, 30-07-2014 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

തസ്തിക നിർണയം 2014-15 സംബന്ധിച്ച ഓൺലൈൻ എൻട്രി ഏകദേശം പൂർത്തിയായിരിക്കുകയാണ്. 345 സ്കൂളുകളുടെ വിവരങ്ങളാണ് ഇനി രേഖപ്പെടുത്താനുള്ളതായി കാണുന്നത്. ഭൂരിഭാഗം എ.ഇ.ഒ/ഡി.ഇ.ഒ മാരും ശരിയായിത്തന്നെയാണ് എൻട്രി നിർവഹിച്ചിരിക്കുന്നത്. എന്നാൽ ഒരു ചെറിയ ശതമാനം ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ കാട്ടിയ അശ്രദ്ധയും അലംഭാവവും കൊണ്ട് തസ്തിക നിർണയം 2014-15 സംബന്ധിച്ച കണക്കുകൾ ക്രോഡീകരിക്കാൻ കഴിയാത്ത സ്ഥിതി സംജാതമായിരിക്കുന്നു എന്നു പറയേണ്ടി വരുന്നതിൽ ഖേദിക്കുന്നു. വളരെ വിശദമായ നിർദേശങ്ങൾ പല പ്രാവശ്യം നൽകിയിട്ടും അതൊന്നും ശ്രദ്ധിക്കാതെ തെറ്റായി എൻട്രികൾ നടത്തുകയും എൻട്രി തന്നെ നടത്താതിരിക്കുകയും ചെയ്യുന്ന എ.ഇ.ഒ/ഡി.ഇ.ഒ മാർ അച്ചടക്ക നടപടികൾ തന്നെയാണ് ക്ഷണിച്ചുവരുത്തുന്നത്. തസ്തികകളുടെ കണക്കുകൾ സംസ്ഥാന തലത്തിൽ ക്രോഡീകരിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ചില പ്രധാന ന്യൂനതകൾ താഴെപ്പറയുന്നു:

- തസ്തികകൾ അനുവദിച്ചിരിക്കുന്ന അനുപാതത്തിന്റെ കോളം മാറ്റി ടൈപ്പുചെയ്യുക. ഇതുമൂലം ഇപ്പോൾ -

    1. 17 സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റർമാർ 1:35 ലാണ്! സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ 8 അധിക തസ്തികകളും കാണുന്നു!

2. പ്രൈമറി ഹെഡ്മാസ്റ്റർമാരിൽ 53 പേർ 1:35 ലും 4 പേർ 1:30 ലും 16 പേർ HTV ലും നിലനിൽക്കുന്നവരാണ്.

3. ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ (കോർ സബ്ജക്ടും ഭാഷയും) 65 പേർ 1:30 ലാണ്! 12 പേർ HTV യിൽ!

4. സ്പെഷ്യലിസ്റ്റ് അധ്യാപകരിൽ 21 പേർ 1:35 ൽ ! 2 പേർ 1:30 ൽ!

5. എൽ.പി.എസ് അസിസ്റ്റന്റുമാരിൽ 133 പേർ 1:35 ലാണ്! എൽ.പി.എസ്.എ (തമിഴ് മീഡിയം) 125 പേർ 1:35 ലാണ്!

6. പാർട് ടൈം മീനിയൽ വിഭാഗത്തിൽ 12 പേർ 1:35 ലും ഒരാൾ 1:30 ലുമാണ്. (ഇത് ഉദാഹരണങ്ങൾ മാത്രമാണ്).

(മേൽപ്പറഞ്ഞ അനുപാതങ്ങളിലൊന്നും പ്രസ്തുത തസ്തികകൾ അനുവദിക്കപ്പെടുന്നില്ല എന്ന വിവരം പ്രത്യേകം പറയേണ്ടതില്ലല്ലോ).

- മാനേജ്മെന്റിന്റെ പേര് മാറ്റി എന്റർ ചെയ്യുക.

പേരിൽ സാമ്യമുള്ള കോർപ്പറേറ്റ് മാനേജ്മെന്റുകൾ നിരവധിയുണ്ട്. ശ്രദ്ധിച്ചില്ലെങ്കിൽ പേരുകൾ തിരഞ്ഞെടുക്കുമ്പോൾ മാറിപ്പോകും. ഇത്തരത്തിലുള്ള നിരവധി തെറ്റുകൾ ഉണ്ടായതായി കാണുന്നുണ്ട്. ഇതുമൂലം ഓരോ കോർപ്പറേറ്റ് മാനേജ്മെന്റുകളുടെയും ആകെ സ്കൂളുകളുടെ ക്രോഡീകരണം നടത്താൻ പ്രയാസപ്പെടുന്നു.

- ആയതിനാൽ -

1. എല്ലാ എ.ഇ.ഒ/ഡി.ഇ.ഒ-മാരും അവർ എന്റർ ചെയ്ത സ്കൂൾതല വിവരങ്ങളുടെയും ഉപജില്ലാ/ജില്ലാ ക്രോഡീകരണത്തിന്റെയും പ്രിന്റൗട്ടുകൾ എടുത്ത് സസൂക്ഷ്മം പരിശോധിച്ച് എന്റർ ചെയ്ത വിവരങ്ങൾ എഡിറ്റ് ചെയ്ത് തെറ്റുകൾ തിരുത്തി സബ്മിറ്റ് ചെയ്യുക. <u>പ്രിന്റൗട്ടുകൾ എടുത്ത് പരിശോധിച്ചാൽ മാത്രമേ തെറ്റുകൾ കണ്ടുപിടിക്കാൻ കഴിയൂ എന്ന കാര്യം പ്രത്യേകം ഓർക്കുക.</u>

2. ഉപജില്ലയിലെ/ജില്ലയിലെ എല്ലാ സ്കൂളുകളുടെയും വിവരങ്ങൾ എന്റർ ചെയ്തിട്ടുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുക. ഏതെങ്കിലും സ്കൂളിന്റെ വിവരങ്ങൾ സൈറ്റിൽ ഇല്ലെങ്കിൽ പ്രസ്തുത സ്കൂളിൽ അനുവദിച്ചിട്ടുള്ള തസ്തികകളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കി (ഓൺലൈനിലുള്ള അതേ പ്രൊഫോർമയിൽ) 05-08-2014 ന് രാവിലെ 11 മണിക്കുമുമ്പായി dpisecretsection@gmail.com എന്ന വിലാസത്തിൽ മെയിൽ ചെയ്യുക. (ഉദാ: സ്കൂൾ ക്ലാസുകൾ ഇല്ലാത്ത ടി.ടി.ഐ കൾ സൈറ്റിൽ ഉണ്ടാകണമെന്നില്ല).

3. ജില്ലാ/ഉപജില്ലാതല consolidated statement (തെറ്റുകളില്ലാത്തത്) പ്രിന്റൗട്ടെടുത്ത് ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒ മാർ ഒപ്പിട്ട് ഓരോ പകർപ്പുകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ഡയറക്ടറേറ്റിലേക്കും

05-08-2014 നുതന്നെ അയക്കണം. (ഡയറക്ടറേറ്റിലേക്കുള്ള പകർപ്പ് "വി.ജെ. സുരേഷ് കുമാർ, സൂപ്രണ്ട്, 'എച്ച്' സെക്ഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം-14" എന്ന വിലാസത്തിൽ സ്പീഡ് പോസ്റ്റിലോ പ്രത്യേക ദൂതൻ മുഖേനയോ ആണ് എത്തിക്കേണ്ടത്). ഇതിനുള്ള പ്രിന്റൗട്ട് 05-08-2014 രാവിലെതന്നെ എടുത്തുവയ്ക്കണം. 05-08-2014 പകൽ 12 മുതൽ ഈ സൈറ്റ് ഉണ്ടാകില്ല.

4. വിദ്യാഭ്യാസ ഉപഡയറക്ടർമാർ റവന്യൂ ജില്ലാതല ക്രോഡീകരണം ഒരുവട്ടം കൂടി പരിശോധിച്ച് തെറ്റുകൾ കണ്ടെത്തി അവ തിരുത്താനുള്ള നിർദേശങ്ങൾ ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ മാർക്ക് 04.08.2014 നുതന്നെ നൽകുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും വേണം.

തസ്തികകളെ സംബന്ധിച്ച നൂറുശതമാനം ശരിയായ കണക്കുകൾ സർക്കാരിനു സമർപ്പിക്കുന്നതിനാണ് ഇത്തരം ആവർത്തിച്ചുള്ള നിർദേശങ്ങൾ നൽകുന്നത്. ഇനിയും ഇക്കാര്യത്തിൽ തെറ്റുകൾ എന്തെങ്കിലും കടന്നുകൂടിയാൽ ആയതിനുള്ള പരിപൂർണ ഉത്തരവാദിത്തം ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ മാർക്ക് തന്നെയായിരിക്കും എന്ന വിവരവും അറിയിക്കുന്നു.

ഓൺലൈൻ എൻട്രികളും പ്രിന്റൗട്ടുകളും പരിശോധിച്ച് തെറ്റുകൾ തിരുത്താൻ 05-08-2014 പകൽ 12 വരെ മാത്രമേ സമയം ഉണ്ടാകൂ എന്ന് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട്,

വിശ്വസ്തതയോടെ,

**കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**